# ശബള ബ്രഹ്മം

അമൃതുമഭയവുമായ ദേവീ
അമൃതാംശു നിന്നെയമൃതൂട്ടുന്നു
പർജ്ജന്യൻ നിന്നിൽ ചൊരിയുന്നൂ ഗംഗാജലം
മാതരിശ്വാവ് വെഞ്ചാമരം വീശുന്നു.

ഹേ ഗായത്രീ, പ്രാണൻ
നിനക്കേകീ പട്ടുവസ്ത്രം
അരുണനേകീ കുങ്കുമക്കൂട്ട്,
മിന്നൽ വജ്റാഭരണങ്ങൾ

ചരാചര ഭൂതയായ സാവിത്രീ
ജ്യേഷ്ഠനും ശ്രേഷ്ഠനുമായ ദേവൻ
നിനക്കേകുന്നൂ
തേജസ്സുമൂർജ്ജവും

ആകാശ മണ്ഡലം നിൻ നെറ്റിത്തടം
വെൺമേഘ ശകലങ്ങൾ നിൻ നെറ്റിയിലെ ഭസ്മക്കുറികൾ
വസന്ത ഗ്രീഷ്മ വർഷ ശരത് ഹേമന്ത ഋതുക്കൾ
മാറിമാറി നൃത്തമാടുന്ന നിൻ മടിത്തട്ട് മഹാനടന വേദി

അംഭസ്സിനേയുമഗ്നിയേയും
വൈഡൂര്യത്തേയും വൈരൂപ്യത്തേയും
ഗർഭത്തിലൊരേസമയം പേറുന്ന സത്യഭാമേ
ശ്രേഷ്ഠയായ മാതാവവിടുന്നു നിശ്ചയം

വിശ്വരൂപം ധരിച്ചുനിൽക്കുന്ന
ഭുവനേശ്വരീ നീ
ശബളബ്രഹ്മം,
പാദസ്പർശം ക്ഷമസ്വ മേ

**- ഗീത. വി**